ലാൻഡ് യൂട്ടിലൈസേഷൻ ആക്ടിന് ഭേദഗതി

13 (*223) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. യു. സി. രാമൻ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ലാൻഡ് യൂട്ടിലൈസേഷൻ ആക്ടിന് ഭേദഗതി വരുത്താൻ ഉദ്ദേശ്യമുണ്ടോ ; എങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ് ഉദ്ദേശിക്കുന്നത് ;

(ബി) നെൽകൃഷിക്ക് അനുയോജ്യമല്ലാത്തതും പ്രധാനപ്പെട്ട റോഡുകളുടെ അരികിൽ സ്ഥിതി ചെയ്യുന്നതുമായ വയലുകൾ മറ്റ് ആവശ്യങ്ങൾക്കായി നികത്തി ഉപയോഗിക്കാൻ അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) ഇപ്പോൾ ആലോചിച്ചിട്ടില്ല.

(ബി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

വില്പന നികുതി കുടിശ്ശിക പിരിച്ചെടുക്കൽ നടപടികൾ

14 (*224) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ വില്പന നികുതി ഇനത്തിൽ എന്തുതുക പിരിച്ചെടുക്കുവാനാണ് ഗവൺമെന്റ് ഉദ്ദേശിച്ചിരുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം വില്പന നികുതി ഇനത്തിൽ എന്തു കുടിശ്ശിക ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) വില്പന നികുതി കുടിശ്ശികയുള്ളവരിൽ 10 ലക്ഷത്തിനുമേൽ ഉള്ള സ്ഥാപനങ്ങൾ, വ്യക്തികൾ ഏതൊക്കെയാണെന്നു വെളിപ്പെടുത്തുമോ ;

(ഡി) വില്പന നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) :

(എ) 5400 കോടിരൂപ പിരിച്ചെടുക്കുവാൻ ലക്ഷ്യമിട്ടിരുന്നു.

(ബി) 2232.78 കോടി രൂപ കുടിശ്ശികയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പാലക്കാട് ജില്ല ഒഴികെ മറ്റു ജില്ലകളുടെ കണക്ക് അനുബന്ധം ആയി ചേർക്കുന്നു.*

(ഡി) എല്ലാജില്ലകളിലേയും ഡെപ്യൂട്ടി കമ്മിഷണർമാരടക്കമുള്ള സെയിൽസ് ടാക്സ് ഓഫീസർമാരുടെ യോഗം വിളിച്ചുകൂട്ടി കുടിശ്ശിക പിരിച്ചെടുക്കാൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

(2) റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി ജില്ല കളക്ടർമാർക്കും റവന്യൂ ഉദ്യോഗസ്ഥന്മാർക്കും വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

(3) ഹൈക്കോടതിയിൽ വില്പന നികുതിയുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നതിനുവേണ്ടി മാത്രം പ്രത്യേക ഗവൺമെന്റ് പ്ലീഡർമാരെ നിയമിച്ചിട്ടുണ്ട്.

(4) വില്പന നികുതി കുടിശ്ശിക വരുത്തുന്ന വ്യാപാരികൾക്കെതിരെ സെയിൽസ് ടാക്സ് ആക്ട് 45 (എ) വകുപ്പുപ്രകാരം അടയ്ക്കേണ്ടതായ നികുതി തുകകൾക്ക് പുറമേ, മൂല്യ സംഖ്യയ്ക്കുള്ള പിഴ ചുമത്തുന്നുണ്ട്. കൂടാതെ വില്പന നികുതി കുടിശ്ശിക ഈടാക്കുന്നതിന് 23 (2) ബി വകുപ്പുപ്രകാരം ബന്ധ പ്പെട്ട മജിസ്ട്രേട്ടിന് പരാതി നൽകി നിയമ നടപടികൾ സ്വീകരിക്കുന്നുമുണ്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ

15 (*225) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡ് എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നുവെന്നും അതിൽ കോളേജുകളും ഹൈസ്കൂളുകളും എത്ര വീതം എന്നും വിശദീകരിക്കാമോ ;

(ബി) സംസ്കൃത വിദ്യാഭ്യാസത്തിനും ഭാരതത്തിന്റെ സംസ്കാരം പഠിപ്പിക്കുന്നതിനും പ്രസ്തുത ദേവസ്വം ബോർഡിന് പരിപാടിയുണ്ടോ ;

(സി) എങ്കിൽ ആയതിന്റെ വിശദവിവരം വ്യക്തമാക്കുമോ ?

ദേവസ്വവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ) :

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ 23 വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ട്. അതിൽ ഒരു സ്വാശ്രയ കോളേജ് ഉൾപ്പെടെ 5 കോളേജുകളും 8 ഹൈസ്കൂളുകളും ഉൾപ്പെടുമെന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly